# പതിമൂന്നാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1375 03.12.2015 -ൽ മറുപടിക്ക്**

## എം.സി.റോഡ് വികസനവുമായി ബന്ധപ്പെട്ട നഷ്ടപരിഹാരം

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ.മോൻസ് ജോസഫ്** | | **ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പുമന്ത്രി)** |
| (എ) എം.സി. റോഡ് വികസനവുമായി ബന്ധപ്പെട്ട് കെ.എസ്.റ്റി.പി.യുടെ പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തി രത്നഗിരി ലൈബ്രറി കെട്ടിടത്തിന് പുനസ്ഥാപന വില നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | (എ) & (ബി) & (സി) | എം.സി.റോഡ് വികസനത്തിനായി ഏറ്റെടുക്കേണ്ടി വന്ന കാണക്കാരി വില്ലേജിലെ രത്നഗിരി ലൈബ്രറിയ്ക്ക് കെ.എസ്.ടി.പിയുടെ പുനരധിവാസ പദ്ധതിയിലുൾപ്പെടുത്തി സ്ഥല വിലയും കെട്ടിട വിലയും രണ്ടു ഗഡുക്കളായി നൽകിയിട്ടുണ്ട്. കെ.എസ്സ്.ടി.പിയുടെ പുനരധിവാസ പദ്ധതി രൂപ രേഖയിൽ നിർണ്ണയിച്ചിട്ടുള്ളതിലും കൂടിയ തുക ലൈബ്രറി കമ്മിറ്റി ആവശ്യപ്പെട്ട സാഹചര്യത്തിൽ സർക്കാരിന്റെ പ്രത്യേക അനുമതി ലഭ്യമാക്കിയാണ് നഷ്ടപരിഹാരം നൽകുന്നതിന് തീരുമാനിച്ചത്. മേൽ നടപടികളുമായി ബന്ധപ്പെട്ട ഫയൽ നമ്പർ 16678/B2/14/RD റവന്യൂ വകുപ്പിൽ നിലവിലുണ്ട്. |
| (ബി) പ്രസ്തുത നഷ്ടപരിഹാരതുക നൽകുന്നതിന് സത്വര നടപടി സ്വീകരിക്കുമോ; ഇതിനുള്ള തടസ്സം വ്യക്തമാക്കാമോ; ഇത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചു; | | |
| (സി) പ്രസ്തുത വിഷയം സംബന്ധിച്ച് ലൈബ്രറി കമ്മിറ്റി പരാതി നൽകിയിട്ടുണ്ടോ; ഇതു സംബന്ധിച്ച് ഫയൽ നിലവിലുണ്ടോ; എങ്കിൽ ഫയൽ നമ്പർ വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ